ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിൽ 1987-88, 1988-89, 1989-90 എന്നീ വർഷങ്ങളിൽ യഥാക്രമം 352, 322, 278 ചെറുകിട യൂണിറ്റുകൾ സ്ഥിരം രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതുകൂടാതെ 1990-91 ഫെബ്രുവരി അവസാനം വരെ 274 ചെറുകിട യൂണിറ്റുകൾ കൂടി ആരംഭിച്ചു. ഇവയെല്ലാംതന്നെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ 1987-88 കാലഘട്ടത്തിൽ 4 ഇടത്തരം വ്യവസായ യൂണിറ്റുകൾ ജില്ലയിൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. അവ താഴെ പറയുന്നവയാണ്.

(1) എൽസിറ സബ്ട്രേറ്റ്സ് ലിമിറ്റഡ്, പെരിന്തൽമണ്ണ.

(2) തോംസൺ ഡ്രഗ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ്, നിലമ്പൂർ.

(3) സെഞ്ചുറി പെരിഫെറൽസ് ലിമിറ്റഡ്, തേഞ്ഞിപ്പാലം.

(4) കുന്നോ ടൈൽ വർക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇടവണ്ണ.

ഇവ കൂടാതെ കുറ്റിപ്പുറത്ത് ടി. എസ്. കെ. റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരിടത്തരം യൂണിറ്റ് പ്രവർത്തനം സജ്ജമായിക്കൊണ്ടിരിക്കുകയാണ്.

വനിതാ വ്യവസായ യൂണിറ്റുകൾ

3. [2254] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1988, 1989, 1990, 1991 എന്നീ വർഷങ്ങളിൽ എത്ര വനിതാ വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്; ഇതിൽ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങിയവ എത്ര ; അവ ഏതെല്ലാം ;

(ബി) എത്ര വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1988, 1989, 1990, 1991 എന്നീ വർഷങ്ങളിൽ രണ്ടു വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. ഇതിൽ സഹകരണാടിസ്ഥാനത്തിൽ ഉള്ളവ ഇല്ല.

(ബി) രണ്ടു വനിതാ വ്യവസായ യൂണിറ്റുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മലബാർ സിമൻറ്സ്

4. [2255] ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമൻറ്സ് കമ്പനി പ്രവർത്തിച്ചു തുടങ്ങിയിട്ട് എത്ര കാലമായി ;

(ബി) ഓരോ വർഷവും ഉൽപ്പാദിപ്പിച്ച സിമൻറ് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly